പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 2859 | 19.06.2014- ൽ മറുപടിക്ക് |

<u>ഭക്ഷ്യസുരക്ഷാ ഓഫീസുകൾ</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. കെ. ബഷീർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാ ഓഫീസുകൾ സ്ഥാപിക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ; | എ) | നിയോജക മണ്ഡലാടിസ്ഥാനത്തിൽ പുതിയതായി സ്ഥാപിച്ച എല്ലാ ഓഫീസുകളും ജൂൺ 30 നകം തുറക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശം എല്ലാ ജില്ലാ ഓഫീസർമാർക്കും ഇതിനകം നൽകിയിട്ടുണ്ട്. ആയതിനുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. നിലവിൽ ലഭ്യമായ ഭക്ഷ്യ സുരക്ഷാ ഓഫീസർമാരെ തന്നെ പുതിയതായി തുടങ്ങിയ ഭക്ഷ്യ സുരക്ഷാ ഓഫീസുകളിലേക്ക് മാറ്റി നിയമിക്കുകയും അല്ലാത്ത പക്ഷം അധികച്ചുമതല നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള ഭക്ഷ്യസുരക്ഷ ഓഫീസർമാരുടെ ചുമതലകളും കർത്തവ്യങ്ങളും എന്തെല്ലാമായിരിക്കുമെന്ന് വ്യക്തമാക്കുമോ? | ബി) | 2006-ലെ ഭക്ഷ്യസരക്ഷാ നിലവാര നിയമത്തിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് നിഷ്കർഷിച്ചിട്ടുള്ള മുഴുവൻ ചുമതലകളും കർത്തവ്യങ്ങളും അധികാരവും നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് ഉണ്ടായിരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**